11200
27/7/16

കേരള സർക്കാർ

**വിവര സാങ്കേതിക വിദ്യ (ഐ.ടി.സെൽ) വകുപ്പ്**

നം. ഐ.ടി. സെൽ-2/701/2015/ഐ.ടി.ഡി തിരുവനന്തപുരം, തീയതി : 21.07.2016.

**സർക്കുലർ**

വിഷയം :- വിവര സാങ്കേതിക വകുപ്പ് - സർക്കാർ ഓഫീസുകളിൽ അനുമതി ഇല്ലാതെ പകർപ്പവകാശമില്ലാത്ത സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നത് തടയുന്നത് - സംബന്ധിച്ച്.

സൂചന : 17.05.2014 ലെ സ.ഉ.(സാധാ.) നം. 109/2014/വി.സാ.വ. ഉത്തരവ്.

.........................................

ഭാരത സർക്കാർ മാർച്ച് 2015-ൽ പുറത്തിറക്കിയ സ്വതന്ത്ര സോഫ്റ്റ് വെയർ നയം പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളും സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗത്തിനുള്ള സാധ്യതകൾ നിർബന്ധമായും ഉപയോഗപ്പെടുത്തേണ്ടതാണ്. സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ ഉപയോഗം വഴി സാമ്പത്തികവും തന്ത്രപ്രധാനവുമായ ആനുകൂല്യങ്ങൾ നേടുവാനും കഴിയും. എന്നിരുന്നാലും നിയമപരമല്ലാതെ പകർപ്പവകാശം ലംഘിച്ച് ഉപയോഗിക്കുന്ന വാണിജ്യ സോഫ്റ്റ് വെയറുകളുടെ അമിതമായ ഉപയോഗം കണ്ടുവരുന്നു. ഈ കൃത്രിമ സോഫ്റ്റ് വെയറുകൾ പലപ്പോഴും വ്യാജ വെബ്സൈറ്റുകൾ അല്ലെങ്കിൽ ക്ലാസിഫൈഡ് പരസ്യങ്ങൾ വഴിയാണ് ഉപയോക്താക്കളുടെ കൈകളിൽ എത്തുന്നത്.

സർക്കാർ ഓഫീസുകളിലെ വ്യാജ സോഫ്റ്റ് വെയറുകളുടെ ഉപയോഗം നിയമലംഘനം മാത്രമല്ല, സർക്കാരിന്റെ വിവിധ വിവരസാങ്കേതിക ആസ്തികളെ സുരക്ഷാഭീഷണിയിലേക്ക് തള്ളിവിടുകയുമാണ് ചെയ്യുന്നത്. മാത്രവുമല്ല, നിയമാനുസൃതമായ അപ്ഡേറ്റുകൾ വ്യാജ സോഫ്റ്റ് വെയറുകൾക്ക് ലഭ്യമാകുന്നില്ല. തന്മൂലം സോഫ്റ്റ് വെയറിലെ പാളിച്ചകൾ കണ്ടെത്തി ഉപയോക്താക്കളുടെ അറിവില്ലാതെതന്നെ സർക്കാർ / വ്യക്തിഗത വിവരങ്ങൾ, റിപ്പോർട്ടുകൾ തുടങ്ങിയ പ്രധാന വിവരങ്ങൾ സൈബർ അക്രമികൾ ചൂഷണം ചെയ്യുന്നു. ആയതിനാൽ സർക്കാർ ഓഫീസുകൾ / യൂണിവേഴ്സിറ്റികൾ / സ്വയംഭരണ സ്ഥാപനങ്ങൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിവരസാങ്കേതിക ആസ്തി ഉപയോഗം സുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്:

1. സർക്കാർ ഓഫീസുകളിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. ഏതെങ്കിലും സാഹചര്യത്തിൽ ലൈസൻസ് ഉള്ള സോഫ്റ്റ് വെയർ ആവശ്യമായി വരികയാണെങ്കിൽ ആയത് ടെണ്ടർ മുഖാന്തിരം മാത്രമേ വാങ്ങുവാൻ പാടുള്ളൂ. ഇതിന് ഉചിത തലത്തിൽ നിന്നുള്ള അനുമതി വാങ്ങിയിരിക്കണം.
2. സോഫ്റ്റ് വെയറുകൾക്ക് പകർപ്പവകാശ നിയമത്തിന്റെ പരിരക്ഷയുള്ളതിനാൽ അനുമതിയില്ലാതെ അവ വിതരണം ചെയ്യാനോ പുനർനിർമ്മിച്ച് ഉപയോഗിക്കാനോ പാടില്ല
3. സോഫ്റ്റ് വെയറുകൾ ലൈസൻസ് നിബന്ധനകൾ അനുസരിച്ച് മാത്രമേ ഉപയോഗിക്കാവൂ
4. ശരിയായ ലൈസൻസില്ലാത്തതോ, നിയമവിരുദ്ധമായി വിതരണം ചെയ്യുന്നതോ, അനധികൃതമായി പുനഃസൃഷ്ടിക്കുന്നതോ ആയ സോഫ്റ്റ് വെയറുകൾ സുരക്ഷാഭീഷണിയുണ്ടാക്കുന്നതാകയാൽ ആയതിന്റെ ഉപയോഗം കർശനമായി

നിരോധിച്ചിരിക്കുന്നു.

5. ഏതെങ്കിലും തരത്തിലുള്ള ഡിസ്ക് മീഡിയ, ഇമെയിൽ അറ്റാച്ച്മെന്റ്, മറ്റ് ഇന്റർനെറ്റ് ഉറവിടങ്ങൾ വഴിയുള്ള സോഫ്റ്റ് വെയറുകൾ ഉപയോഗിക്കാൻ പാടില്ല.
6. ഓഫീസുകളിൽ ഉചിതമായ ലൈസൻസ് സോഫ്റ്റ് വെയർ ആണ് ഉപയോഗിക്കുന്നത് എന്നു ചീഫ് ഇൻഫർമേഷൻ ഓഫീസർ (അതിനു നിർദേശിക്കപ്പെട്ട ഉദ്യോഗസ്ഥൻ) പരിശോധിച്ച ഉറപ്പുവരുത്തേണ്ടതാണ്.

**എം. ശിവശങ്കർ ഐ. എ. എസ്,**
സെക്രട്ടറി

പകർപ്പ് : സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
സർക്കാർ വകുപ്പുകൾ / യൂണിവേഴ്സിറ്റികൾ / സ്വയംഭരണ സ്ഥാപനങ്ങൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മേധാവികൾക്ക്.
വെബ് & ന്യൂ മീഡിയ, വിവര പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ